## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 6891 13.7.2012- ലെ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ; | (എ) കൊല്ലം ജില്ലയിലെ മീനാടും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ജപ്പാൻ കുടി വെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികളാണ് ഇപ്പോൾ അവശേഷിക്കുന്നത്. ആകെ 924 കി.മീ.വിതരണ ശൃംഖല സ്ഥാപിക്കാനുണ്ടായി രുന്നതിൽ 724 കി.മീ.പൈപ്പ് ലൈൻ സ്ഥാപിച്ചു. ഈ പൈപ്പ് ലൈനുകൾ തമ്മിൽ വിവിധ സ്ഥലങ്ങളിൽ ബന്ധിപ്പിക്കു വാനുണ്ട്. അതിൽ തന്നെ 276 കി.മീ.പ്രഷർ ടെസ്റ്റിംഗ് നടത്തി പൈപ്പ് ലൈനിന്റെ കാര്യക്ഷമത ഉറപ്പു വരുത്താനുമുണ്ട്. കൂടാതെ ബാക്കിയുള്ള 200 കി.മീ.പൈപ്പു ലൈനും സ്ഥാപിച്ച് പണികൾ പൂർത്തി യാക്കാനും ഉണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ ഇനി എത്ര കാലയളവ് വേണ്ടി വരുമെന്ന് വിശദമാക്കുമോ ; | (ബി) | മുൻ കോൺട്രാക്ടർ പൂർത്തിയാക്കാത്ത അവശേഷി ക്കുന്ന പണികൾക്ക് പ്രത്യേകം ടെണ്ടർ വിളിക്കുകയും 18.06.2012-ൽ പുതിയ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 18 മാസമാണ് നിർമ്മാണ കാലയളവ്. എങ്കിലും ദുർബലമായ മൺസൂൺ കാലം പ്രയോജനപ്പെടുത്തി ഭൂരിഭാഗം പ്രദേശങ്ങളിലും അതിനു മുൻപ് തന്നെ കുടിവെള്ളം ലഭിക്കാൻ കഴിയു മെന്ന് പ്രത്യാശിക്കുന്നു. |
| (സി) | ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; | (സി). | മീനാട് പദ്ധതിയിലെ ഇപ്പോഴ ത്തെ അംഗീകൃത അടങ്കൽ തുക 295.6 കോടി രൂപയാണ്. |
| (ഡി) | നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; | (ഡി) | 2012 മെയ്മാസം വരെ 229.59 കോടി രൂപ ചെലവഴിച്ചു. |
| (ഇ) | പദ്ധതി പൂർത്തീകരിക്കുമ്പോൾ ആകെ അടങ്കൽ എത്ര രൂപയാകും എന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഇ) | മേൽ സൂചിപ്പിച്ച അംഗീകൃത എസ്റ്റിമേറ്റ് തുകകൊണ്ട് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെ ന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ആഫീസർ